

TUESDAY 20-09-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-19/09/2022.

1. പി എം കിസാൻ ഗുണഭോക്താക്കളായ കർഷകർക്ക് ഭൂമി സംബന്ധമായ വിവരങ്ങൾ, e-KYC എന്നിവ ചേർക്കുന്നതിനുള്ള സമയപരിധി സെപ്റ്റംബർ 30 വരെ നീട്ടി. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം പേരിലുള്ള കർഷകർ സെപ്റ്റംബർ 30-നു മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aims.kerala.gov.in) മുഖേനെ സ്വന്തം പേരിലുള്ള ഭൂമിയുടെ വിവരങ്ങൾ ReLIS പോർട്ടലിൽ അടിയന്തിരമായി ചേർക്കേണ്ടതുണ്ട്. റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടലിൽ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ലാത്ത കർഷകർ ആയത് ഉൾപ്പെടുത്തുന്നതിന് വില്ലേജ് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. എല്ലാ പി എം കിസാൻ ഗുണഭോക്താക്കളും സെപ്റ്റംബർ 30-നു മുൻപായി നേരിട്ട് pm-kisan പോർട്ടൽ വഴിയോ, അക്ഷയ, ഡിജിറ്റൽ സേവന കേന്ദ്രങ്ങൾ വഴിയോ eKYC പൂർത്തിയാക്കണം. സ്വന്തം കൃഷിഭൂമിയുടെ വിവരങ്ങൾ സമർപ്പിക്കൽ, eKYC നടപടിക്രമം എന്നിവ മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ പൂർത്തിയാകാത്ത ഗുണഭോക്താക്കൾക്കു പദ്ധതിയുടെ തുടർന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വിവര സങ്കേതം ടോൾഫ്രീ നമ്പർ **1800 –425 –1661** ലോ, പി എം കിസാൻ സംസ്ഥാന ഹെൽപ് ഡെസ്ക് നമ്പറായ **0471 – 2964022, 2304022** ലോ ബന്ധപ്പെടാവുന്നതാണ്.

2. ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി സംസ്ഥാന കൃഷി വകുപ്പ് മന്ത്രിയും കൃഷിവകുപ്പിലെ സംസ്ഥാനതല ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് വിവിധ കാർഷിക മേഖലകളിൽ കർഷകരോട് സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുകയും പരിഹരിക്കുകയും ചെയ്യുന്നതിനായി 'കൃഷിദർശൻ' പരിപാടി ആരംഭിക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ കൃഷി ബ്ലോക്കുകളിലും ഘട്ടംഘട്ടമായാണ് കൃഷിദർശൻ പരിപാടി നടത്തുന്നത്. ഈ സാമ്പത്തിക വർഷം 28 ബ്ലോക്കുകളിലായിരിക്കും പരിപാടി നടത്തുക. മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ഈ കൃഷിദർശൻ പരിപാടിയോടനുബന്ധിച്ച് കാർഷിക-ഭക്ഷ്യ ശാസ്ത്രസാങ്കേതിക എക്സിബിഷനും ഉണ്ടായിരിക്കും. ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ ജില്ലാതല പരിപാടിയായി ഒന്നാം

ഘട്ടവും ജില്ലയിൽ ഒന്ന് എന്ന കണക്കിൽ ബ്ലോക്ക് തല പരിപാടിയായി രണ്ടാം ഘട്ടവും ഈ വർഷം നടക്കും.

3. 2020, 2021 വർഷങ്ങളിൽ റബ്ബർ കൃഷിചെയ്തവർക്ക് ധനസഹായം കിട്ടുന്നതിന് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് നാളെ (സെപ്റ്റംബർ 21) രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് സിസ്റ്റംസ് ഓഫീസർ മറുപടി പറയും. **0481 2576622** എന്നതാണ് കോൾ സെന്റർ നമ്പർ .

4. തിരുവനന്തപുരം നഗരസഭയുടെയും മൃഗസംരക്ഷണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ നഗരസഭയുടെ കീഴിലുള്ള മൃഗാശുപത്രികൾ സംഘടിപ്പിക്കുന്ന വളർത്തു നായ്ക്കൾക്കുള്ള പേവിഷ പ്രതിരോധ കുത്തിവയ്പ്പും, ലൈസൻസിംഗ് ക്യാമ്പും ഇന്നും ഈ മാസം 21,22 തീയതികളിലും രാവിലെ 7 മണി മുതൽ ഉണ്ടായിരിക്കുന്നതാണ്. വാക്സിനേഷൻ സൗജന്യമാണ്. ലൈസൻസ് ഫീ ആയി 125 രൂപ അടയ്ക്കേണ്ടതാണ്.

5. **മലയിൻകീഴ്** ഗ്രാമപഞ്ചായത്തിന്റെയും വെറ്ററിനറി ഹോസ്പിറ്റലിന്റെയും ആഭിമുഖ്യത്തിൽ ഇന്നു മുതൽ 28 വരെ (സെപ്റ്റംബർ 20 മുതൽ 28 വരെ) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പിനുള്ള ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. വളർത്തുനായ്ക്കൾ, പൂച്ചകൾ എന്നിവയെ മുപ്പത് രൂപ അടച്ച് പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കണമെന്ന് സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടാതെ, ഏതെങ്കിലും സാഹചര്യത്തിൽ ക്യാമ്പിൽ കൊണ്ടുവരാൻ സാധിക്കാത്ത നായ്ക്കളെ ഈ മാസം 29 മുതൽ 30 (സെപ്റ്റംബർ 29 മുതൽ 30 വരെ) വരെയുള്ള തീയതികളിൽ ആശുപത്രിയിൽ കൊണ്ടുവന്ന് വാക്സിനേഷൻ എടുക്കാവുന്നതാണെന്നും സീനിയർ വെറ്ററിനറി സർജൻ അറിയിക്കുന്നു.

6. കുട്ടനാട്ടിൽ രണ്ടാം കൃഷി ഇറക്കിയ വിതച്ച് 30 ദിവസത്തിനും 100 ദിവസത്തിനും ഇടയിൽ പ്രായമായ പാടശേഖരങ്ങളിൽ ബാക്ടീരിയൽ ഇലകരിച്ചിൽ രോഗ ലക്ഷണങ്ങൾ വ്യാപകമായി കാണുന്നുണ്ട്. നിലവിലെ കാലാവസ്ഥ ഈ രോഗത്തിന്റെ വ്യാപനത്തിന് അനുകൂലമായതിനാൽ കർഷകർ നിയന്ത്രണം മാർഗ്ഗങ്ങൾ കൈക്കൊള്ളണം. രോഗത്തിന്റെ പ്രാരംഭദശയിൽ പച്ചച്ചാണക തെളിയിൽ സ്യൂഡോമോണാസ് ഫ്ളൂറസൈൻസ് ചേർത്ത് തളിക്കുന്നത് രോഗവ്യാപനം തടയാൻ സഹായിക്കും

വെള്ളം കയറുന്ന തുമ്പുഭാഗത്ത് ബ്ലീച്ചിംഗ് പൗഡർ ചെറു കിഴികളിലായി കെട്ടിയിടുന്നത് വെള്ളത്തിലൂടെയുള്ള രോഗവ്യാപനം തടയും. മരുന്നു തളിക്കേണ്ട സാഹചര്യം ആവശ്യമായി വന്നാൽ വിദഗ്ധ ഉപദേശം സ്വീകരിച്ചതിനുശേഷം മാത്രം ചെയ്യുക. ഇതു സംബന്ധിച്ച സംശയങ്ങൾക്ക് കർഷകർക്ക് മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രവുമായോ, അതത് കൃഷിഭവനുകളുമായോ ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470696** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം ജില്ലയിൽ വിവിധ ബ്ലോക്കുകളിലേക്ക് രാത്രികാല അടിയന്തിര മൃഗചികിത്സ സേവനം പദ്ധതിയുടെ ഭാഗമായി വെറ്ററിനറി സർജൻമാരെ താൽക്കാലിക അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി ഈ മാസം 22-ന് (22.09.2022 ന്) രാവിലെ 10.30 മണിക്ക് വെറ്ററിനറി സർജൻമാരുടെ വാക്ക്-ഇൻ- ഇന്റർവ്യൂ തമ്പാനൂർ എസ്. എസ് കോവിൽ റോഡിലുള്ള ജില്ലാ മൃഗസംരക്ഷണ ഓഫീസിൽ വച്ച് നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ (കെ എസ് വി സി) രജിസ്ട്രേഷൻ ഉള്ള ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്. ഇന്റർവ്യൂവിന് പങ്കെടുക്കുമ്പോൾ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും, പകർപ്പുകളും ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2330736** എന്ന നമ്പറിൽ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടാവുന്നതാണ്.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെന്റിൽ 2022-23 അദ്ധ്യയന വർഷത്തെ എം.ബി.എ. (അഗ്രി. ബിസിനസ് മാനേജ്മെന്റ്) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി പുനർവിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവകലാശാലയുടെ വെബ്സൈറ്റ് www.admissions.kau.in സന്ദർശിക്കുക. അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 30 ആണ് (30/09/2022).

9. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കരാർ ഫാമുകൾ വഴി വളർത്തിയെടുത്ത് 40 മുതൽ 45 ദിവസം പ്രായമുള്ള ശരാശരി രണ്ട് കിലോ തൂക്കമുള്ളതുമായ ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്ക്

തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **949500915, 0471 2478585, 2468585** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

10. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് 2022 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 3 വരെയുള്ള 10 പ്രവർത്തി ദിവസങ്ങളിൽ സ്വയം തൊഴിൽ സംരംഭകർക്കും വീട്ടമ്മമാർക്കുമായി 'ക്ഷീരോൽപന്ന നിർമ്മാണ പരിശീലന' പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് ആയിരിക്കും അവസരം ലഭിക്കുക. രജിസ്ട്രേഷൻ ഫീസ് 135 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0471 –2440911 എന്ന ഫോൺ നമ്പറിലോ, ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ, തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, principaldtctvm@gmail.com എന്ന ഇ-മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

11. **റെയിൻഗാർഡിങ്; റബ്ബറിനങ്ങളുടെ ശുപാർശ, നടീൽവസ്തുക്കളുടെ ഉത്പാദനം** എന്നിവയിൽ റബ്ബർബോർഡ് നടത്തുന്ന പരിശീലനങ്ങൾ യഥാക്രമം സെപ്റ്റംബർ 21, 22 തീയതികളിൽ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വെച്ച് നടക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം